*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 33A

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

# മാതൃകാ അതിഥിയും ആതിഥേയനും

ഓം ശ്രീ സായിരാം! പ്രശാന്തിസന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

കേവലം ആചാരപരമായ സമീപനം മാത്രം പോരാ എന്ന് ഭഗവാൻ ബാബ ആവർത്തിച്ച് നമ്മോട് പറയുന്നു. നാം അവതാരത്തെ വളരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും അവിടുത്തെ ദൃഷ്ടാന്തത്തിൽനിന്ന് പഠിക്കാൻ ശ്രമിക്കുകയും വേണം. അവതാരം റോൾ മോഡലാണ്. അവിടുന്ന് നമുക്കിടയിൽ വന്നത് നമ്മെ പഠിപ്പിക്കാനാണ്, ജീവിതത്തിന്റെ വിവിധ സന്ദർഭങ്ങളിൽ നാം സ്വയം പെരുമാറേണ്ടത് എങ്ങനെയെന്ന് നമുക്ക് മുമ്പാകെ പ്രദർശിപ്പിക്കുന്നതിനു വേണ്ടിയാണ്. ഇതുപോലെ, നാം ഭഗവാൻ ബാബയെ നിരീക്ഷിക്കുമ്പോൾ, നാം വിവിധ വശങ്ങൾ ഗ്രഹിക്കുകയും അവയെപ്പറ്റി കഴിഞ്ഞ മൂന്ന് കൊല്ലക്കാലമായി ഈ പ്രഭാഷണങ്ങളിൽ ചർച്ച ചെയ്യുകയുമാണ്.

ശരി, ഇന്നത്തെ വിഷയം ഇതാണ്. എത്ര അതിശയകരമായ ആസൂത്രണമാണിത്! എത്ര ശ്ലാഘനീയ മാതൃകയാണിത്, എത്ര അനുകരണീയ വ്യക്തിത്വമാണ് നമ്മുടെ മുമ്പാകെയുള്ളത്! എങ്ങനെയാണ് പ്ലാൻ ചെയ്യേണ്ടതെന്ന് നാം പഠിക്കേണ്ടിയിരിക്കുന്നു, എപ്രകാരമാണ് ഒരു മാതൃകാ അതിഥിയാവേണ്ടതെന്ന്, ഒരു മാതൃകാ ആതിഥേയനാവേണ്ടതെന്ന്, അവിടുന്നിൽനിന്ന് നാം പഠിക്കേണ്ടിയിരിക്കുന്നു. ഇത് പ്രധാനമാണ്. നമ്മൾ ഒരു അതിഥിയായി പോവുമ്പോൾ, നമ്മൾ വെറുതെ പോവുന്നു, അവിടെയുള്ളവരുമായി സംസാരിക്കുന്നു, അവരുടെ ആതിഥ്യം ആസ്വദിക്കുന്നു, എന്നിട്ട് തിരിച്ചുപോരുന്നു. ഇനി, നാം ആതിഥേയരാവുമ്പോളോ, നാം നമുക്ക് കഴിയാവുന്നിടത്തോളം, നമുക്ക് താങ്ങാവുന്നിടത്തോളം അവരെ സ്വീകരിക്കുന്നു. എന്നാൽ, ഭഗവാനെ നോക്കൂ, മൊത്തത്തിൽ വ്യത്യ

സ്തമാവും! പ്രഭുവിനൊപ്പം വിവിധ സ്ഥലങ്ങളിലേക്ക് അനുഗമിക്കുന്നതിന് എനിക്ക് വിശേഷാവകാശവും അനുഗ്രഹവും സിദ്ധിച്ചിട്ടുണ്ട്.

ഞാൻ ഇതിൽ ആരംഭിക്കട്ടെ. ഭഗവാൻ മഹാരാഷ്ട്ര സംസ്ഥാനത്തിൽ ഒരു ക്ഷേത്രം ഉത്ഘാടനം ചെയ്യുകയുണ്ടായി. ലത്തൂരിലാണത്. മഹാരാഷ്ട്രയിലെ ജാവേദ് സഹോദരന്മാർ പണി കഴിപ്പിച്ച വളരെ വലിയ ആ ക്ഷേത്രം അവിടുന്നാണ് ഉത്ഘാടനം ചെയ്തത്; ആ ലത്തൂർ പൂനെയ്ക്ക് വളരെ അടുത്താണ്. അങ്ങനെ ഞങ്ങളവിടെ പോയി, അത് ഞാനെങ്ങനെയാണ് പറയേണ്ടത്! അവിടുന്നിന് നൽകപ്പെട്ട സ്വീകരണം എങ്ങനെയെന്ന്



സത്യസായി നന്ദനവനം കോംപ്ലക്സ്, ചക്കൂർ, ലത്തൂർ ജില്ല, മഹാരാഷ്ട്ര

വർണിക്കാൻ വാക്കുകൾ പര്യാപ്തമല്ല. ഞാൻ നിങ്ങളോട് പറഞ്ഞുകൊള്ളട്ടെ, ഒരു തുറസ്സായ മൈതാനമാണ് അത്, വളരെ വിശാലമായ ഗ്രൗണ്ട്. സ്വാമിയെ ഒരു ജാഥയായി, ഒരു രഥത്തിൽ കൊണ്ടുപോയി, നൂറുകണക്കിന് ആളുകൾ ആ രഥത്തിനു മുമ്പാകെ നൃത്തം വച്ചു, നൂറുകണക്കിന് ആളുകൾ പാടി, നൂറുകണക്കിന് ആളുകൾ വേദം ജപിച്ചു, ആളുകൾ വാദ്യഘോഷങ്ങൾ മുഴക്കി. ദേവന്മാർക്കുള്ള കാഴ്ചയായിരുന്നു അത്, ആ നിമിഷങ്ങൾ ഇന്നും പുനർജ്ജനിക്കുന്നപോലെ എനിക്ക് അനുഭവപ്പെടുന്നു. അത്യുത്കൃഷ്ടമായ, അത്യുത്കൃഷ്ടമായ വരവേൽപ്പ്! രാജകീയ വരവേൽപ്പ്!

ശരി, ഞാൻ ഭാഗവതമാണ് ഓർമ്മിക്കുന്നത്, കൃഷ്ണന്റെ ബൃന്ദാവനത്തിലേക്ക് അഥവാ ദ്വാരകയിലേക്കുള്ള മടങ്ങിവരവ് വർണ്ണിക്കപ്പെടുന്നത്. ഇതും അതുപോലെയാണ്. അത് നമ്മൾ വായിക്കുകയും സങ്കൽപ്പിക്കുകയും ചെയ്തത്, ഇത് നമ്മൾ നമ്മുടെ കൺമുമ്പാകെ സംഭവിച്ചത് നേരിട്ട് കണ്ടത്. അഭിഷേകവേളയിൽ ശ്രീരാമചന്ദ്രന് അയോധ്യയിൽ ലഭിച്ച സ്വീകരണം രാമായണത്തിൽ നാം കേട്ടിരിക്കുന്നു. വാഹ്, വാഹ്, വാഹ്! ഞാൻ അനുഭവിച്ച ദൃശ്യം അതായിരുന്നു.

ശരി, അവിടെ എത്തിയിട്ട്, സ്വാമി ആ ക്ഷേത്രം ഉദ്ഘാടനം ചെയ്തു, അന്നു വൈകുന്നേരം ഒരു സമ്മേളനവും ഉണ്ടായിരുന്നു. അതിനുശേഷം നടന്ന സാംസ്കാരിക പരിപാടിയിൽ കുറഞ്ഞത് ഒരു ലക്ഷം ആളുകളെങ്കിലും പങ്കെടുത്തിട്ടുണ്ടാവണം. അടുത്തുള്ള എല്ലാ ഗ്രാമങ്ങളിൽനിന്നുമുള്ള ആളുകൾ അവിടെ കൂടി, വലിയ പുരുഷാരം, വലിയ ജനക്കൂട്ടം. വളരെ, വളരെ മനോഹരമായ കാഴ്ച!

അത്താഴസമയത്ത്, സംഭവിച്ചതെന്താണെന്ന് ഞാൻ നിങ്ങളോട് പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. ജാവേദ് സഹോദരന്മാരുടെ മാതാപിതാക്കളോട് മുൻഭാഗത്തായി, ഭഗവാന്



നന്ദനവനം ശിവക്ഷേത്രം ചക്കൂർ: സ്വാമി അഭിഷേകം നിർവഹിച്ചത്

തൊട്ടടുത്തായി ഇരിക്കുന്നതിന് അവിടുന്ന് നിർദ്ദേശിച്ചു. ഞാനും അവിടെയുണ്ടായിരുന്നു, സ്വാമി അവരോട് സംസാരിച്ചത് ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്: ‘‘ഇവിടെ നോക്കൂ, നിങ്ങൾ വലിയ ത്യാഗമാണ് ചെയ്തത്. നിങ്ങൾ എല്ലാത്തരം കഷ്ടപ്പാടുകളും തര| ണം ചെയ്യുകയുണ്ടായി. നിങ്ങൾ നിങ്ങളുടെ കുട്ടികളെ ഈ നിലയിലേക്ക് വളർത്തി. ഇന്ന് അവർ രാജ്യത്തെ മുന്തിയ, നേതൃനിരയിലുള്ള കോൺട്രാക്ടർമാരാണ്. വളരെ വലിയ പ്രോജക്ടുകളാണ് അവർ ഏറ്റെടുക്കുന്നത്. അതെല്ലാം നിങ്ങൾ കാരണമാണ്. നിങ്ങൾക്ക് തീർച്ചയായും അവരെച്ചൊല്ലി അഭിമാനിക്കാം. അവർക്ക് സദ്പേ

രുണ്ടെന്നു മാത്രമല്ല, അവർ നിങ്ങൾക്കും യശസ്സ് കൊണ്ടുവരുന്നു.'' ജാവേദ് സഹോദരന്മാരെപ്പറ്റി സ്വാമി വളരെ പുകഴ്ത്തി അവരുടെ മാതാപിതാക്കളോട് സംസാരിക്കുകയുണ്ടായി.

ഓരോ രക്ഷിതാവും, അവരുടെ കുട്ടികൾ പുകഴ്ത്തപ്പെടുകയോ അഥവാ അംഗീകരിക്കപ്പെടുകയോ ചെയ്യുമ്പോൾ, വളരെയധികം, വളരെ സന്തോഷിക്കുന്നത്, ലോകത്തിന്റെ നെറുകയിലാവുന്നത്, തികച്ചും സാധാരണം. എന്നിട്ട് സ്വാമി ജാവേദ് സഹോദരന്മാരുടെ നേരെ തിരിഞ്ഞു. അവർ ഭഗവാന്റെ അരികത്തു വരാനായി അവിടുന്ന് ആവശ്യപ്പെട്ടു, എന്നിട്ട് ഇപ്രകാരം പറഞ്ഞു.

''ഇവിടെ നോക്കൂ! നിങ്ങളുടെ മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് നിങ്ങളുടെ കടമയാണ്. അവരില്ലായിരുന്നു എങ്കിൽ നിങ്ങൾ ഈ നില വരെ എത്തുമായിരുന്നില്ല. ഒരു കാരണവശാലും നിങ്ങൾ അവരെ ദു:ഖിപ്പിക്കരുത്. നിങ്ങൾ ഇവിടെ എത്തിയതിന് കാരണക്കാർ അവരാണെന്ന് എപ്പോഴും ഓർക്കുക. അവർ വളരെ സന്തോഷമായിട്ടിരിക്കണം, ഓരോ രീതിയിലും നിങ്ങൾ അവരുടെ കാര്യം നോക്കണം; അവരെ ആനന്ദിപ്പിക്കണം, അവരെ



ചക്കൂരിൽ(ലത്തൂർ) ഭഗവാന്റെ പ്രഭാഷണം പ്രഫസർ അനിൽകുമാർ പരിഭാഷപ്പെടുത്തുന്നു. ശിവരാജ് പാട്ടീലിന്റെ(കേന്ദ്ര ആഭ്യന്തരമന്ത്രി) മറാത്തി പരിഭാഷയും. 2001 ജൂലൈ 15-17

ബഹുമാനിക്കണം, അവരെ ആദരിക്കണം.'' എന്നിട്ട് അവിടുന്ന് പറഞ്ഞു, ''എനിക്കറിയാം നിങ്ങൾ അതു ചെയ്യുന്നുണ്ടെന്ന്. നിങ്ങളുടെ ഭാര്യമാരും സഹകരിക്കുന്നുണ്ടെന്ന് എനിക്ക റിയാം. നിങ്ങൾ എത്ര നന്നായിട്ടാണ് ഇവിടെ ജീവിക്കുന്നത് എന്ന് എനിക്കറിയാം.'' ഇപ്ര കാരം പറഞ്ഞുകൊണ്ട്, സ്വാമി അവരെ അനുഗ്രഹിക്കുകയും അവർക്കായി മോതിരങ്ങൾ സൃഷ്ടിച്ച് നൽകുകയും ചെയ്തു.

ഞാനിത് പറയാൻ കാരണം, അവിടുന്ന് അവിടെ പോയത് ഒരു അതിഥിയായിട്ടാണ്, കേവലം ആതിഥ്യം ആസ്വദിക്കാനായിട്ടായിരുന്നില്ല, അഥവാ അവരെ സന്തോഷിപ്പിക്കാനാ




യിരുന്നില്ല, അവരുടെ ക്ഷണം സ്വീകരിച്ച് അവരെ തൃപ്തിപ്പെടുത്താനായി മാത്രമായിരു ന്നില്ല; അതു മാത്രമായിരുന്നില്ല! അവിടുന്ന് അവിടെ പോയത് കുട്ടികളെ പഠിപ്പിക്കാനായി ട്ടാണ്, അവർ അവരുടെ മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് എങ്ങനെയെന്ന് പഠിപ്പി ക്കാനായിട്ടാണ്. അവിടുന്ന് അവിടെ പോയത് രക്ഷിതാക്കളെ പ്രോത്സാഹിപ്പിക്കാനായാണ്, അവരുടെ കുട്ടികളെ ഈ നില വരെ വളർത്തിക്കൊണ്ടുവന്നതിന് അവർ ചെയ്ത എല്ലാ പ്രയത്നങ്ങൾക്കും അവർക്ക് അളവറ്റ ആനന്ദം നൽകാനായിട്ടാണ്. അതാണ് ഒരു അതിഥിയെന്ന റോളിൽ ഭഗവാൻ ഏറ്റവും വിജയകരമായി നിർവഹിച്ചത്.

ഞാൻ നിങ്ങളോട് പറയട്ടെ, അവിടുന്ന് എന്താണ് ചെയ്യുന്നത് എന്നാൽ, അവിടുന്ന് നേരെ അടുക്കളയിലേക്ക് ചെല്ലും. അവിടുന്ന് അടുക്കളയും അവിടെ ജോലി ചെയ്യുന്ന പാച കക്കാരെയും നോക്കിക്കാണും, എത്ര വൃത്തിയായിട്ടാണ് അത് സൂക്ഷിച്ചിരിക്കുന്നത് എന്ന്, അവിടുന്ന് അവർക്ക് വസ്ത്രം സമ്മാനിക്കും, ഓരോരുത്തർക്കും, ഓരോരു ത്തർക്കും. അവിടുന്ന് കുട്ടികളോട് പേരക്കുട്ടികളോട്, മുതിർന്ന രക്ഷിതാക്കളോട് സംസാ രിക്കും. ഭഗവാൻ എന്തൊരു മാതൃകാ അതിഥിയാണ്!

എന്നാൽ അതേ സമയം അവിടുന്ന് അവിടെ ഒരു ആതിഥേയനുമാവും, കാരണം അവി ടുന്ന് ഓരോരുത്തരോടും എവിടെ ഇരിക്കണം എന്ന് നിർദ്ദേശിക്കും-നീ ഇവിടെയിരിക്ക്, നീ അവിടെയിരിക്ക്, നീ ഇവിടെയിരിക്ക്- അവിടുന്ന് ഓരോരുത്തരോടും നിർദ്ദേശിക്കുന്നു. അതിനാൽ, ഭഗവാനിൽ നമ്മൾ ഒരു അതിഥിയുടെയും ആതിഥേയന്റെയും സുന്ദരമായ മേളനം ദർശിക്കുന്നു. ഇതാണ് ഞാൻ ലത്തൂരിൽ അനുഭവിച്ചത്.

സമാനമായ കാര്യം ഹഡ്ഷിയിലും സംഭവിച്ചു, സ്വാമി കുടുംബത്തിലെ ഓരോരുത്ത രോടും എത്രമാത്രം കാരുണ്യം കാണിച്ചു, അവർക്ക് സമ്മാനങ്ങൾ നൽകി, ഓരോരുത്ത

രിലും അനുഗ്രഹങ്ങൾ ചൊരിഞ്ഞു-മാതാപിതാക്കൾ, കുട്ടികൾ, പേരക്കുട്ടികൾ, വീട്ടുജോലിക്കാർ, പാചകക്കാർ, കുടുംബത്തിലെ ഓരോരുത്തരോടും! ഏപ്രകാരം വേണം ഒരു അതിഥിയാവേണ്ടത്, ഇത് നാം ഭഗവാൻ ബാബയിൽനിന്ന് പഠിക്കേണ്ടതാണ്. ഒരു വാചകത്തിൽ, ഞാൻ പറയട്ടെ, "ഒരു അതിഥി എന്ന നിലയ്ക്ക് നാം സ്വയം നമ്മിലേക്ക് ഒതുങ്ങിക്കൂടാ. നാം കുടുംബത്തിലെ ഓരോരുത്തരോടും സംസാരിക്കണം, പാചകക്കാരോടുൾപ്പടെ, ഏറ്റവും അത്യാവശ്യമായി മാതാപിതാക്കളോട്." അത് ശരിക്കും മഹത്തായിരുന്നു, എനിക്കൊരിക്കലും മറക്കാനാവില്ല അത്. അസാധ്യം!

ഇനി, സ്വാമി ഒരു ആതിഥേയന്റെ റോളും നന്നായി കളിക്കും. അവിടുന്ന് ഒരു മാതൃകാ ആതിഥേയനാണ്. ഉദാഹരണമായി, അവിടുന്ന് കൊടൈക്കനാലിൽ പോവുമ്പോൾ അനു



കൊടൈക്കനാലിൽ സ്വാമി നാരായണസേവയ്ക്ക് ഒരുക്കം വീക്ഷിക്കുന്നു

ഗമിക്കുന്നതിനായി കുറച്ച് വിദ്യാർത്ഥികളെയും സ്പെഷ്യൽ അതിഥികളെയും ക്ഷണിക്കും. എന്നിട്ട് എന്താണ് നടക്കുക? അവിടുന്ന് ആദ്യം തന്നെ കൊടൈക്കനാലിലേക്ക് പോവും, എന്നിട്ട് പ്രവേശനകവാടത്തിൽ നിൽക്കും. അവിടുത്തെ ആശ്രമമായ സായി ശ്രുതിയിൽ ആദ്യം തന്നെ എത്തിച്ചേർന്നിട്ട്, അവിടുന്ന് ഓരോ മുറിയും പരിശോധിക്കും,

ഓരോ മുറിയും-ടാപ്പുകൾ, സിങ്കുകൾ, ബാത്ത് റൂമുകൾ, നാപ്കിനുകൾ, ടവൽ ഒക്കെ യഥാസ്ഥാനത്ത് വച്ചിട്ടുണ്ടോ ഇല്ലയോ എന്നൊക്കെ നോക്കും. കൂടാതെ, കുട്ടികൾക്കായി അനുവദിക്കപ്പെട്ട മുറികളൊക്കെ അവിടുന്ന് പരിശോധിക്കും, ബെഡ്ഡുകളൊക്കെ എങ്ങനെ, അധിക ബെഡ് ഷീറ്റുകളുണ്ടോ-നോക്കൂ, ഓരോ സൂക്ഷ്മമായ കാര്യവും അവിടുന്ന് ശ്രദ്ധിക്കുന്നത്. ഇനി, വാസ്തവത്തിൽ, അവിടുന്ന് മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതാണ്. ഏതാനും ദിവസങ്ങൾക്കു മുമ്പേ അവിടുന്ന് ഒന്നോ രണ്ടോ ലോഡ് പലചരക്കു സാധന ങ്ങളും വസ്ത്രങ്ങളും ഉൾപ്പടെ, കൊടൈക്കനാലിൽ ഞങ്ങളുടെ ഉപയോഗത്തിനും വിതര ണത്തിനും വേണ്ടിവരുന്നതൊക്കെ അവിടേക്ക് അയയ്ക്കും.

ഇത് ശരിക്കും അതിശയകരമാണ്, എന്തുകൊണ്ടെന്നാൽ കൊടൈക്കനാലിൽ അവിടുന്ന് നാരായണസേവ സംഘടിപ്പിക്കാറുണ്ട്, അത് ഓരോ ദിവസവും നടത്തും. ഈ സാധനങ്ങ ളൊക്കെ ആവശ്യമായി വരും. അക്കാല| ത്ത്, ഒരു മാസക്കാലമാണ് തങ്ങുക. പിന്നീടത് 15 ദിവസങ്ങൾ, ഒരാഴ്ച അങ്ങനെ വെട്ടിക്കുറയ്ക്കപ്പെട്ടു. സ്വാമി ഒരു മാതൃകാ ആതിഥേയനാ ണെന്ന് അങ്ങനെയാണ് എനിക്ക് അനുഭവമുള്ളത്.



കൊടൈക്കനാലിൽ പ്രഫസർ അനിൽകുമാർ സ്വാമിക്കൊപ്പം

ഇവിടെ പ്രശാന്തിനിലയത്തിൽ, ഇന്റർനാഷണൽ കോൺഫറൻസുകൾ നടക്കുന്ന വേളയിൽ സ്വാമി എപ്രകാരമാണ് ആതിഥേയന്റെ റോളെടുക്കുകയെന്നും നമുക്കറിയാം-ഡോക്ടർമാരുടെ പ്രശാന്തിനിലയത്തിൽവച്ചുള്ള ഇന്റർനാഷണൽ കോൺഫറൻസ്-കാർഡിയോ തൊറാസിക് സർജറിയിലെ സ്പെഷ്യലിസ്റ്റുകൾ. ലോകമെമ്പാടുംനിന്നുള്ള ഡോക്ടർമാർ ആ കോൺഫറൻസിൽ പങ്കെടുത്തു. അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന് അവിടുന്ന് എം.ബി.എ കുട്ടികൾക്ക് നിർദ്ദേശം നൽകി. അവരെത്തിച്ചേരുന്നതിനു മുമ്പേ സ്വാമി പതിവായി അവർക്ക് അലോട്ട് ചെയ്ത ഓരോ മുറിയും സന്ദർശിക്കുന്നത് പതിവായിരുന്നു- "മേശ എവിടെയാണ്? കട്ടിൽ എവിടെ? എഴുത്ത് പാഡ് എവിടെ വച്ചിരിക്കുന്നു? പേന എവിടെ? ബാത്ത് റൂം, അധിക നാപ്കിനുകൾ, അധിക ടൗവലുകൾ എവിടെയാണ്?"-ഓരോ കാര്യവും അവിടുന്ന് പരിശോധിക്കും! ഞാനിതിന് സാക്ഷിയാണ്. പിന്നെ ഉച്ചഭക്ഷണ സമയത്ത്, കാരണം അവരിൽ ഏറിയ പങ്കും വിദേശീയരായതുകൊണ്ട്, എല്ലാ ഒരുക്കങ്ങളും റെഡിയായോ എന്ന് അവിടുന്ന് നോക്കും-ഉച്ചഭക്ഷണം, അത്താഴം ഇവ അവരുടെ രുചിക്കും ആവശ്യങ്ങൾക്കും അനുസൃതമായി ക്രമീകരിക്കും. എന്നിട്ട് അവിടുന്ന് ചുറ്റിനടന്ന് അന്വേഷിക്കും, "ഉച്ചഭക്ഷണം എങ്ങനെ, ഇഷ്ടമായോ? ആഹാരമൊക്കെ ഇഷ്ടപ്പെട്ടുവോ? നിങ്ങളത് ആസ്വദിച്ചുവോ? അതെങ്ങനെയുണ്ട്?" അവിടുന്ന് അന്വേഷിക്കും, അവരോട് സംസാരിക്കും, അവർ അവിടം വിട്ടു പോകുമ്പോൾ അവർക്ക് മെമെന്റോകൾ സമ്മാനിക്കും. ഭഗവാൻ, മാതൃകാ ആതിഥേയൻ! ഭഗവാൻ, മാതൃകാ അതിഥി! അവിടുന്ന് എങ്ങനെയാണെന്ന് നാം അവിടുന്നിൽനിന്ന് പഠിക്കണം.

ഇനി, സ്വാഭാവികമായി ഒരു ആതിഥേയൻ എന്ന നിലയ്ക്ക്, ഞാൻ ഒരു കാര്യം ഓർക്കുകയാണ്. സ്വാമി കൊടൈക്കനാലിൽ വച്ച് പറഞ്ഞു, "അനിൽകുമാർ! ഇവിടെയുള്ള ആൺകുട്ടികൾ ഭൂരിപക്ഷവും വടക്കേ ഇന്ത്യക്കാരാണ്. അവർ നിന്നെപ്പോലെ, എരിവുള്ളത്, മുളക് കഴിക്കുന്നവരല്ല. അതുകൊണ്ട്, അവർ ഇഷ്ടപ്പെടുന്ന ആഹാരമാണ് ഇവിടെ വിളമ്പുന്നത്. പക്ഷേ ഞാൻ നിനക്കായി അച്ചാറ് കൊണ്ടുവന്നിട്ടുണ്ട്, കാരണം നീ ഇവിടെ തങ്ങുന്ന സമയത്ത് പട്ടിണി കിടക്കുന്നത് എനിക്കിഷ്ടമല്ല." ഭഗവാൻ സ്വയം എനിക്കായി അച്ചാറ് കൊണ്ടുവരിക! ഈ ജീവിതത്തിൽ ഇതിലുമധികം എനിക്കെന്തു വേണം?




ഞങ്ങളുടെ ഡൽഹി സന്ദർശനവും ഞാനോർക്കുകയാണ്. സ്വാമി അവിടെ പത്ത് ദിവസം തങ്ങുകയുണ്ടായി. മൂന്നാമത്തെ ദിവസം, സ്വാമി എന്നോട് ചോദിച്ചു,

“അനിൽകുമാർ! നിനക്ക് ആഹാരം ഇഷ്ടപ്പെടുന്നുണ്ടോ?”

“സ്വാമീ, ഒത്തിരി വിഭവങ്ങളുണ്ട്, രുചി ഒരേ പോലെ!”

അപ്പോൾ അവിടുന്ന് സ്റ്റേറ്റ് പ്രസിഡണ്ടിനെ വിളിച്ചിട്ട് പറഞ്ഞു, “അനിൽകുമാർ ആന്ധ്രയിൽനിന്നാണ്. അവന് നല്ല എരിവും മുളകുമൊക്കെ വേണം. കുറച്ചുകൂടി മുളക്, കുറച്ചുകൂടി ഉപ്പ് ഒക്കെ അവന് വിളമ്പണം, അപ്പോൾ അവന് ഇഷ്ടമാവും. നാലാമത്തെ ദിവസം, അവിടെ സൂക്ഷിച്ചിരിക്കുന്ന ഏതാനും ബോട്ടിലുകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് അവിടുന്ന് പറഞ്ഞു, “അച്ചാറ്! അനിൽകുമാർ, ഈ അച്ചാറൊക്കെ ഹൈദ്രബാദിൽനിന്ന് വിമാനത്തിൽ കൊണ്ടുവന്നതാണ്. എനിക്കറിയാം, നിനക്ക് ഈ ഭക്ഷണം ഇഷ്ടമാവുന്നില്ലെന്ന്. അതുകൊണ്ട് ഈ അച്ചാറൊക്കെ നിനക്കായി കൊണ്ടുവന്നതാണ്.” ഏത് ആതിഥേയൻ ഇതുപോലെ നിങ്ങളെ കരുതുമെന്ന് എന്നോട് പറയൂ! അത് ഭഗവാൻ ബാബ മാത്രം.

അതുകൊണ്ട്, ഈ ലഘുപ്രഭാഷണത്തിൽ, “ബാബ, മാതൃകാ അതിഥിയും മാതൃകാ ആതിഥേയനും” എന്ന വിഷയമാണ് ഞാൻ നിങ്ങളോട് പങ്കുവച്ചത്.

സായി രാം! നിങ്ങൾക്ക് നന്ദി!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)